മലയാളം ടി.വി. സീരിയലുകൾ

74 (4109) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

മലയാളം ടി.വി. സീരിയലുകളുടെ നിലവാരം പരിശോധിക്കാൻ സംവിധാനം നിലവിലുണ്ടോ ; വിശദമാക്കാമോ ?

ഉത്തരം

ടി.വി. സീരിയലുകളുടെ നിലവാരം പരിശോധിക്കാൻ നിലവിൽ സംവിധാനങ്ങൾ ഇല്ല. എന്നാൽ കേബിൾ ടി.വി. നെറ്റ് വർക്ക് റെഗുലേഷൻ ആക്ട് 1995 പ്രകാരം സംസ്ഥാന തലത്തിൽ ഒരു മോണിറ്ററിംഗ് കമ്മിറ്റി നിലവിലുണ്ട്. പ്രക്ഷേപണം ചെയ്യുന്ന പരിപാടികളുടെ ഗുണനിലവാരം സംബന്ധിച്ച പരാതികൾ പരിശോധിക്കുന്നതിലുപരി, ബ്രോഡ്കാസ്റ്റിംഗ് നിയമങ്ങൾ ലംഘിച്ചുകൊണ്ടുള്ള പരിപാടികളെക്കുറിച്ചുള്ളള പരാതികൾ ശിപാർശ ചെയ്ത് കേന്ദ്ര വാർത്താവിതരണ പ്രക്ഷേപണ മന്ത്രാലയത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുവാനാണ് ഈ സമിതിക്ക് അധികാരമുളളത്. സംപ്രേക്ഷണം ചെയ്യപ്പെടുന്ന പരിപാടികളിന്മേലുള്ള പൂർണ്ണ നിയന്ത്രണം കേന്ദ്ര വാർത്താ വിതരണ പ്രക്ഷേപണ മന്ത്രാലയത്തിൽ നിഷിപ്തമാണ്.

കലാകാരപെൻഷൻ

75 (4110) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ കഥാപ്രസംഗരംഗത്ത് പ്രവർത്തിക്കുന്നവർ, പ്രൊഫഷണൽ നാടകരംഗത്തെ വിവിധ വിഭാഗം കലാകാരന്മാർ, ശബ്ദക്രമീകരണ വിദഗ്ധർ, ഗായകർ, സീരിയൽ രംഗത്തെ കലാകാരന്മാർ എന്നിവർ എത്ര വീതം എന്നത് സംബന്ധിക്കുന്ന വിശദാംശം ലഭ്യമാക്കുമോ ; കണക്ക് ലഭ്യമല്ല എങ്കിൽ ആയതിനായി എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ;

(ബി) ഇവരിൽ ഓരോ വിഭാഗത്തിലുംപെട്ട എത്രപേർക്ക് പെൻഷൻ നൽകുന്നുണ്ടെന്നും എത്രയുക കുടിശ്ശികയുണ്ടെന്നും നാളിതുവരെ ഇൻഷ്വറൻസ്, മെഡിക്കെയിം പദ്ധതിയിൽ ഉൾപ്പെടുത്തിയ നാടക സംഘങ്ങൾ ഏതെല്ലാം എന്നും അതിൽ എത്ര അംഗങ്ങളുണ്ടെന്നും വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly